(സി) പഞ്ചകർമ്മ ആശുപത്രിയിൽ അനുവദനീയമായ തസ്തികകൾ എത്രയാണെന്നും നിലവിൽ ജോലി ചെയ്യുന്നവർ എത്രയാണെന്നും ഒഴിവുകൾ എത്രയുണ്ടെന്നും അറിയിക്കുമോ ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ പഞ്ചകർമ്മ ആശുപത്രിയുടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ അടങ്കൽ തുക 4,65,84,288 രൂപയാണ്. കേന്ദ്ര ഗവണ്മെന്റ് എന്റർപ്രൈസസ് ആയ ഹിന്ദുസ്ഥാൻ പ്രീ. ഫാബിനെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. കരാർ പ്രകാരം 27-1-2015-ന് പണി പൂർത്തിയാകും.

(ബി) ആയുഷിൽനിന്ന് ഫണ്ട് ലഭ്യമാകുന്നതിനനുസരിച്ച് നിശ്ചിത സമയത്തിനുള്ളിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി & ഡി) പഞ്ചകർമ്മ ആശുപത്രിയിൽ 15 തസ്തികകളാണ് അനുവദനീയമായിട്ടുള്ളത്. ആയതിൽ 10 പേർ സ്ഥിരമായും 5 പേർ താൽക്കാലിക അടിസ്ഥാനത്തിലും (ദിവസ വേതനാടിസ്ഥാനത്തിൽ) ജോലി ചെയ്യുവരുന്നു. ഒരു മെഡിക്കൽ ഓഫീസർ വർക്ക് അറേഞ്ച്മെന്റിലും ജോലി ചെയ്യുവരുന്നു. രണ്ട് ആയുർവ്വേദ തെറാപ്പിസ്റ്റ്, ഒരു ഓഫീസ് അറ്റന്റന്റ് തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുക്ക് 1, സാനിട്ടേഷൻ വർക്കർ 1, എന്നീ ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

വാട്ടർ അതോറിറ്റിയുടെ സേവനങ്ങൾ ജനസൗഹാർദ്ദമാക്കുന്നതിന് പദ്ധതി

102 (8162) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വാട്ടർ അതോറിറ്റിയുടെ സേവനങ്ങൾ കൂടുതൽ ജനസൗഹാർദ്ദമാക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിച്ചത് വിശദമാക്കുമോ ;

(സി) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത ഇതുമൂലം എത്രത്തോളം വർദ്ധിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) വാട്ടർ അതോറിറ്റിയുടെ കേരളത്തിലെ എല്ലാ ഓഫീസുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന കേന്ദ്രീകൃത കമ്പ്യൂട്ടർ ശൃംഖല സംവിധാനം നടപ്പിലാക്കി. കേന്ദ്രീകൃത ബില്ലിംഗ് സോഫ്റ്റ്വെയറായ e-ABACUS സംസ്ഥാനത്തൊട്ടാകെ ഉള്ള ഓഫീസുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നു. കുടിവെള്ള പദ്ധതികളുടെ തത്സമയ പുരോഗതിയും മറ്റു വിവരങ്ങളും ലഭ്യമാക്കുന്നതിനായി Project Status Alert System of Kerala (PASK) നടപ്പിലാക്കി. കുടിവെള്ളത്തിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനുള്ള സോഫ്റ്റ് വെയറായ Laboratory Information Management System (LIMS) നടപ്പിലാക്കി. ഗാർഹിക വാട്ടർ കണക്ഷൻ ലഭിക്കുവാൻ നേരിട്ടോ, ഓൺലൈൻ വഴിയോ, വാട്ടർ അതോറിറ്റി ലൈസൻസുള്ള പ്ലംബർ മുഖേനയോ, വാട്ടർ അതോറിറ്റിയിൽ നിശ്ചിത ഫീസ് അടച്ച് നേരിട്ടോ, എടുക്കാനുള്ള സംവിധാനം നിലവിലുണ്ട്. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിനുപകരം തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ്, ആധാർ എൻ.പി.ആർ, റേഷൻ കാർഡ് എന്നിവകൂടി പരിഗണിക്കുന്നതാണ്. പൊതുജനങ്ങളെ സഹായിക്കുന്നതിനുവേണ്ടി ഓരോ ഓഫീസുകളിലും ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ചു. കേന്ദ്ര ഓഫീസിൽ ടോൾഫ്രീ നമ്പരോടുകൂടിയ പരാതികൾ സ്വീകരിക്കുന്ന സംവിധാനം നിലവിലുണ്ട്. അതുപ്രകാരം ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട ഓഫീസിൽ നടപടികൾക്കായി അയയ്ക്കുന്നുണ്ട്. പൗരാവകാശ രേഖ, സേവനാവകാശ നിയമം എന്നിവ ഉപഭോക്താക്കളെ അറിയിക്കുന്നതിനായി ഓഫീസുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഓൺലൈൻ വഴിയും അക്ഷയകേന്ദ്രം വഴിയും ബാങ്ക് വഴിയും പോസ്റ്റ് ഓഫീസ് വഴിയും നേരിട്ടും വെള്ളക്കരം അടയ്ക്കുന്നതിനുള്ള സംവിധാനമുണ്ട്. വാട്ടർ അതോറിറ്റി കൈക്കൊള്ളുന്ന നടപടികൾ കാലാകാലങ്ങളിൽ അതോറിറ്റി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗാർഹിക വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള സംവിധാനം ലഘൂകരിച്ചതിനാൽ കണക്ഷൻ ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കുന്നതിനും, കൂടുതൽ കണക്ഷനുകൾ നൽകാനും ഉപഭോക്താക്കൾക്ക് പ്ലംബർമാരുടെ അമിത ചാർജ്ജ് ഒഴിവാക്കി അതുവഴി വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. വെള്ളക്കരം അടയ്ക്കുന്നതിനുള്ള സൗകര്യം വിപുലമാക്കിയതോടെ കൃത്യവും കാര്യക്ഷമവുമായി അവ പിരിച്ചെടുക്കാൻ കഴിയുന്നുണ്ട്. ഉപഭോക്താക്കൾക്ക് കൂടുതൽ കാര്യങ്ങൾ അറിയുവാനും പൗരാവകാശ രേഖയിലൂടെ സാധിക്കുന്നുണ്ട്.

(സി) കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷ നൽകുന്നവർക്ക് കണക്ഷൻ ജോലികൾ സമയബന്ധിതമായി ചെയ്തു നൽകാൻ സാധിക്കുന്നു. അതുവഴി കൂടുതൽ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാനും സാധിക്കുന്നു. പരാതികൾ ഗണ്യമായി കുറയ്ക്കാനും കഴിഞ്ഞിട്ടുണ്ട്. ഇതുപ്രകാരം പ്രവർത്തനക്ഷമത ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.

(ഡി) സർക്കാരിന്റെ വിവിധ തലങ്ങളിൽ നടക്കുന്ന യോഗങ്ങളിൽ ഇതു സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്തു ആവശ്യമായ നിർദ്ദേശങ്ങൾ നല്കിവരുന്നു.

വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത

103 (8163) ശ്രീ. അൻവർ സാദത്ത് :
ശ്രീ. പാലോട് രവി :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് വാട്ടർ അതോറിറ്റി പുതിയ മോട്ടോറുകളും പമ്പുകളും സ്ഥാപിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിച്ചത് വിശദാംശങ്ങൾ നൽകുമോ ;

(സി) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത ഇതുമൂലം എത്രത്തോളം വർദ്ധിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly